## പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 44** **03/03/2020-ൽ മറുപടിയ്ക്ക്**

### കേരള ബാങ്കിന്റെ രൂപീകരണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീമതി പി. അയിഷാ പോറ്റി<br>ശ്രീ.എം.സ്വരാജ്<br>ശ്രീ.കെ. ദാസൻ<br>ശ്രീ.വി.ജോയി | | | ശ്രീ.കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) | ആധുനിക സാങ്കേതികവിദ്യാധിഷ്ഠിത സേവനങ്ങളിൽ തല്പരരായ യുവജനങ്ങൾ സഹകരണ ബാങ്കുകളോട് നിലവിൽ പുലർത്തുന്ന വിമുഖത മറികടക്കാനായി ഗ്രാമ-നഗര പ്രദേശങ്ങളിൽ ആധുനിക ബാങ്കിംഗ് സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് പരിപാടിയുണ്ടോയെന്നറിയിക്കുമോ; | (എ) | കേരളത്തിലെ സഹകരണ ബാങ്കിംഗ് മേഖലയുടെ സർവ്വതോൻമുഖമായ വളർച്ചയാണ് കേരള ബാങ്കിലൂടെ വിഭാവനം ചെയ്തിട്ടുള്ളത്. സഹകരണ ബാങ്കിംഗ് മേഖലയുടെ ഏകോപനത്തിനും മത്സരശേഷി വർദ്ധിപ്പിക്കുന്നതിനും നിലനിൽപ്പ് ഉറപ്പാക്കുന്നതിനും ഇത് സഹായകമാവും. പ്രാഥമിക സഹകരണ ബാങ്കുകളുടെ ശാക്തീകരണത്തിന് വഴിയൊരുക്കാൻ കേരളബാങ്കിന് കഴിയും. സഹകരണ മേഖല അതിനൂതന സാങ്കേതികമികവിലേക്ക് വരുമ്പോൾ ചെറുപ്പക്കാരായ ഉപഭോക്താക്കളെ ആകർഷിക്കുവാൻ കഴിയും. കേരള ബാങ്ക് വരുന്നതോടെ കാർഷിക/ കാർഷികേതര വായ്പകളുടെ പലിശ നിരക്ക് കുറയ്ക്കുവാൻ കഴിയും. |
| (ബി) | സഹകരണ സ്വഭാവം നിലനിർത്തിക്കൊണ്ടുതന്നെ സഹകരണ രംഗത്ത് സമസ്തമേഖലകളിലും മികച്ച കാര്യക്ഷമതയും ഉന്നത സേവന നിലവാരവും ഉറപ്പാക്കുന്നതിന് കേരള ബാങ്കിന്റെ രൂപീകരണം സഹായകരമാകാനിടയുണ്ടോയെന്ന് വ്യക്തമാക്കാമോ; | (ബി) | സഹകരണ സ്വഭാവം നിലനിർത്തിക്കൊണ്ട് തന്നെ സമസ്ത മേഖലകളിലും മികച്ച കാര്യക്ഷമതയും ഉന്നത സേവന നിലവാരവും ഉറപ്പാക്കി കാർഷിക - വ്യാവസായിക രംഗത്ത് നൂതന ആശയങ്ങൾക്കും പദ്ധതികൾക്കും കേരള ബാങ്ക് ശക്തി പകരും. ഗ്രാമീണ സമ്പാദ്യമുൾപ്പെടെ സംസ്ഥാനത്തിലെ വിഭവങ്ങൾ പൂർണ്ണമായും വിനിയോഗിക്കുവാൻ കഴിയും. ഇടപാടുകാർക്ക് കുറഞ്ഞ ചെലവിൽ സേവനം ലഭ്യമാക്കുവാനും വായ്പ പലിശ നിരക്ക് കുറയ്ക്കുവാനും മൈക്രോ ഫിനാൻസ് രംഗത്ത് കൂടുതൽ ഫലപ്രദമായി ഇടപെടുന്നതിനും കേരള |

| | | | |
|---|---|---|---|
| | | | ബാങ്കിന്റെ വരവ് സഹായകമാവും. സമ്പൂർണ്ണമായും സാങ്കേതിക വിദ്യയിലൂന്നിയ ബാങ്കിംഗ് പ്രവർത്തനം സാധ്യമാകും. ഡിജിറ്റൽ ഇടപാടിന്റേയും മറ്റ് സർവ്വീസ് ചാർജ്ജുകളുടേയും പേരിൽ പൊതുമേഖല- സ്വകാര്യ മേഖല - ന്യൂ ജനറേഷൻ ബാങ്കുകളുടെ ചൂഷണം അവസാനിപ്പിക്കുവാനുമാവും. |
| (സി) | സംസ്ഥാന സമ്പദ്ഘടനയുടെ നട്ടെല്ലായ കൃഷി, വ്യാപാരം, ചെറുകിട വ്യവസായം എന്നീ മേഖലകൾ ചലനാത്മകമാക്കുന്നതിന് കേരള ബാങ്ക് വഴി വിഭാവനം ചെയ്തിട്ടുള്ള ഇടപെടലുകൾ എന്തെല്ലാമെന്ന് അറിയിക്കാമോ? | (സി) | കാർഷിക വ്യവസായിക രംഗത്ത് നൂതന ആശയങ്ങൾക്കും പദ്ധതികൾക്കും കേരള ബാങ്ക് ശക്തിപകരും. കൂടുതൽ കാർഷിക വായ്പ നൽകാൻ കഴിയും. ഏകോപനത്തിലൂടെ ശക്തമാകുന്ന ബാങ്കിന്റെ ധന സ്ഥിതിയിൽ നബാർഡിൽ നിന്നും കൂടുതൽ വായ്പ ലഭിക്കും. ഇത് ഉത്പാദന മേഖലയിൽ വലിയ മാറ്റങ്ങൾ വരുത്തും. കാർഷിക കാഷികേതര വായ്പ പലിശ നിരക്ക് കുറയ്ക്കാൻ സഹായകമാവും. |

സെക്ഷൻ ഓഫീസർ.